# കേരള സർവകലാശാല

നം. പി.ആർ.078/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി ഫലം

2017 ഒക്ടോബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ 26 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 ജൂലൈയിൽ നടന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.ബി യൂണിറ്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ളവർ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി പുനർമൂല്യനിർണയവിഭാഗത്തിൽ (ഇ.ജെ I) ഏപ്രിൽ ഒൻപത് മുതൽ 17 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഹാജരാകണം.

## ബി.കോം പ്രാക്ടിക്കൽ

2017 ഒക്ടോബറിൽ നടത്തിയ പാർട്ട് മൂന്ന് ബി.കോം (ആന്വൽ സ്കീം) (ഇ ഡി.പി.സി.എ) യുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 11-ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ സർവകലാശാല പാളയം ക്യാമ്പസിലെ എസ്.ഡി.ഇ സെന്ററിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും റിക്കോർഡ് ബുക്കുമായി വരണം.

## ബി.എ പരീക്ഷ

മേയ് നാലിന് നടത്തുന്ന ഒന്നാം വർഷ ബി.എ (ആന്വൽ) അറബിക് മെയിൻ പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ള 2017 അഡ്മിഷൻ വിദ്യാർത്ഥികൾ, ക്ലാസ്സിക്കൽ അറബിക് ലിറ്ററേച്ചർ എന്ന വിഷയമാണ് എഴുതേണ്ടത്. മറ്റുള്ളവർ നേരത്തേ പ്രസിദ്ധീകരിച്ച ടൈംടേബിളിൽ നൽകിയിട്ടുള്ള പ്രകാരം 'ഗ്രാമർ' പരീക്ഷ എഴുതണം.

## മൂല്യനിർണയ ക്യാമ്പിൽ പങ്കെടുക്കണം

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി പരീക്ഷയുടെ, ഉത്തരക്കടലാസുകളുടെ ഒന്നാംഘട്ട മൂല്യനിർണയ ക്യാമ്പ് ഏപ്രിൽ 10 മുതൽ തിരുവനന്തപുരം സർവകലാശാല പരീക്ഷ കൺട്രോളറുടെ കെട്ടിട സമുച്ചയത്തിലും പന്തളം ഡി.ഓ.ഐ.സിയിലും ആരംഭിക്കും. അദ്ധ്യാപകർ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്. അറിയിപ്പുകൾ ബന്ധപ്പെട്ട അദ്ധ്യാപകർക്ക് ഇ-മെയിൽ അയച്ചിട്ടുണ്ട്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## എം.ബി.എ പ്രവേശനത്തിനുള്ള കെ മാറ്റ് പരീക്ഷ 2018-19

എം.ബി.എ 2018-19 അദ്ധ്യായന വർഷത്തെ പ്രവേശനത്തിനായുള്ള കെ മാറ്റ് കേരള പ്രവേശന പരീക്ഷ ജൂൺ 24 ന് നടത്തും. അപേക്ഷകൾ മാർച്ച് ഒൻപത് മുതൽ സ്വീകരിച്ച് വരുകയാണ്. കേരളത്തിലെ എല്ലാ സർവകലാശാലകളി ലേക്കും സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലേക്കും കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും പ്രവേശന മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് https://kmatkerala.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാം. കെമാറ്റ് കേരള, സി മാറ്റ്, ക്യാറ്റ് എന്നീ പ്രവേശന പരീക്ഷകളിൽ നിന്ന് മാത്രമേ കേരളത്തിൽ എം.ബി.എ പ്രവേശനം ലഭിക്കുകയുള്ളൂ. ഓൺലൈനായി ഫീസ് അടയ്ക്കേണ്ട അവ സാന തീയതി ജൂൺ ഏഴ്. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷ ഫലം പ്രതീക്ഷിക്കുന്നവർക്കും കെ മാറ്റ് കേരള പ്രവേശന പരീ ക്ഷയ്ക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:8547255133.

## ബി.എ പരീക്ഷാകേന്ദ്രങ്ങൾ

ഏപ്രിൽ 12-ന് ആരംഭിക്കുന്ന ബി.എ (ആന്വൽ) പാർട്ട് മൂന്ന് മെയിൻ (റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ചില പരീക്ഷാകേന്ദ്രങ്ങളിലെ മാറ്റം ചുവടെ ചേർക്കുന്നു. മാർഇവാനിയസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികളും, ഗവ: സംസ്കൃത കോളേജിൽ ഓൺലൈനായി അപേക്ഷിച്ച ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികളും തിരുവനന്തപുരം എം.ജി കോളേജിലും നീറമൺകര എൻ.എസ്.എസ് കോളേജിലേയും, വഴുതക്കാട് ഗവ: വിമെൻസ് കോളേജിലെ ഓഫ്ലൈൻ വിദ്യാർത്ഥികളും ഗവ: ആർട്സ് കോളേജിലും പെരിങ്ങമല ഇക്ബാൽ കോളേജിലെ വിദ്യാർത്ഥികൾ നെടുമങ്ങാട് ഗവ: കോളേജിലും ചവറ ബി.ജെ.എം കോളേജിലേയും കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിലേയും ടി.കെ.എം കോളേജിലേയും ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ കോളേജിലും ചേർത്തല എസ്.എൻ കോളേജിലെ ഓഫ്ലൈനായി അപേ ക്ഷിച്ച വിദ്യാർത്ഥികൾ ചേർത്തല സെന്റ് മൈക്കിൾസിലും കാഞ്ഞിരംകുളം കെ.എൻ.എം കോളേജിലെ വിദ്യാർത്ഥികൾ ധനുവച്ചപുരം വി.ടി.എം എൻ. എസ്.എസ് കോളേജിലും പരീക്ഷകൾ എഴുതേണ്ടതാണ്. മറ്റ് പരീക്ഷാകേന്ദ്ര ങ്ങളിൽ മാറ്റമില്ല. മാറ്റമുള്ള പരീക്ഷാകേന്ദ്രങ്ങളിൽ ഓഫ്ലൈനായി അപേ ക്ഷിച്ച വിദ്യാർത്ഥികൾ പുതുക്കിയ പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾടി ക്കറ്റ് കൈപ്പറ്റണം. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് ഏപ്രിൽ ഒൻപത് മുതൽ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം.

## എൽ.എൽ.ബി ഫലം

2017 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ എൽ.എൽ.ബി (പഞ്ച വത്സരം) (2011-12 അഡ്മിഷന് മുൻപുള്ളത്- മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭി ക്കും.പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാന തീയതി മേയ് ഏഴ്.

## <u>ബി.എസ്‌സി പ്രാക്ടിക്കൽ</u>

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എസ്‌സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 12, 13 തീയതികളിൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## <u>സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു</u>

വേദാന്തപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആറുമാസത്തെ യോഗാ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 20. അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം ഓണററി ഡയറക്ടർ, വേദാന്തപഠനകേന്ദ്രം, കേരള സർവകലാശാല, കാര്യവട്ടം. പി.ഒ. 695581.

## <u>റിസർച്ച് അദാലത്ത് നടത്തും</u>

കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്ക് അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർവകലാശാല തലത്തിൽ സിൻഡിക്കേറ്റിന്റെ അക്കാദമിക് & റിസർച്ച് ഉപസമിതി റിസർച്ച് അദാലത്ത് നടത്തും. പരാതികൾ ഏപ്രിൽ എട്ട് വരെ വെബ്സൈറ്റിൽ (www.keralauniversity.ac.in) സമർപ്പിക്കണം. പരാതികൾ സമിതി വിശദമായി പരിശോധിച്ച് അദാലത്ത് തീയതി നിശ്ചയിക്കും.

## <u>എം.എസ്‌സി ഫലം</u>

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി ബോട്ടണി, കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, അപ്ലൈഡ് കെമിസ്ട്രി,പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
07.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098